# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 500 — 29.01.2019 ൽ മറുപടിക്ക്

## ആരോപണ വിധേയനായ എം.ഡി യ് ക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2016 ലെ സി ആൻറ് എ. ജി റിപ്പോർട്ട് നമ്പർ 3 പ്രകാരം കണ്ടെത്തിയ 813.06 കോടി രൂപയുടെ ക്രമക്കേടുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ കാംകോയുടെ എം.ഡി, കരകൗശല വികസന കോർപറേഷൻ മാനേജിങ് ഡയറക്ടറായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 2015 മാർച്ച് 31 ന അവസാനിച്ച വർഷത്തെ C & AG യുടെ പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ Para 3.2 ശിപാർശ പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ വ്യതിചലിച്ചും ടെണ്ടർ നടപടികൾ പാലിക്കാതെയും KAMCO യന്ത്ര സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് സമഗ്രമായ വിജിലൻസ് അന്വേഷണത്തിന് സർക്കാർ വിജിലൻസ് വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ V.E 3/16/S.I.U-11 നമ്പർ പ്രകാരം വിജിലൻസ് അന്വേഷണം നടന്നു വരുന്നു . |
| (സി) | ആരോപണ വിധേയനായ എം.ഡി യെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായുള്ള അനുമതിക്കായി വ്യവസായ വകുപ്പിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ലഭിച്ചുവെന്നും എന്തെല്ലാം തുടർ നടപടികൾ ഈ വിഷയത്തിൽ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ? | (സി) | ഇത് സംബന്ധിച്ച് 23.10.2018 ൽ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ